**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയംഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം.

സി.ജി& എ.സി 2/5658/2019/HSE

തീയതി :17/11/2020

## സർക്കുലർ

**വിഷയം:** പൊ.വി.വ- ഹ.സെ.വി-സി.ജി&എ.സി- സൗഹൃദ ദിനാചരണം- സ്കൂൾതല പരിപാടികൾ - സംബന്ധിച്ച്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അന്തർ ദേശീയ ശിശുദിനമായ നവംബർ 20 സൗഹൃദ ദിനമായി ആചരിച്ച് വരുന്നു. കൗമാരക്കാരുടെ ജീവിത വിജയത്തിന് ജീവിത നിപുണതകൾ (Life Skills) ശാസ്ത്രീയമായി അഭ്യസിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുകയാണ് സൗഹൃദ ദിനാചരണം ലക്ഷ്യമിടുന്നത്. ബാല്യത്തിൽ നിന്ന് യൗവനത്തിലേക്കുള്ള യാത്രക്കിടയിലെ പ്രധാന വഴിത്തിരിവാണല്ലോ കൗമാരം. ശാരീരികവും മാനസികവുമായ വളർച്ചയുടെ ഘട്ടത്തിൽ കൗമാരക്കാർ നേരിടുന്ന വെല്ലുവിളികളെ ഫലപ്രദമായി മറികടക്കുന്നതിനും വ്യക്തിത്വ വികാസത്തിനും ജീവിത നൈപുണികൾ കൗമരക്കാരെ സഹായിക്കുന്നു. ലോകാരോഗ്യ സംഘടന (WHO) തെരഞ്ഞെടുത്തിട്ടുള്ള 10 ജീവിത നൈപുണികൾ ഉൾപ്പെടുന്ന സ്കിറ്റുകൾ/റോൾപ്ലേകൾ പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ സഹായത്തോടെ സ്കൂളുകളിൽ സൗഹൃദ ദിനത്തിൽ അവതരിപ്പിച്ച് പോരുന്നു. നിലവിലെ സാഹചര്യത്തിൽ ഈ വർഷം നവംബർ 20 മുതൽ 27 വരെ സൗഹൃദ വാരമായി ആചരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ജീവിത നിപുണതകളുമായി ബന്ധപ്പെട്ട് വിദഗ്ദ്ധർ തയ്യാറാക്കിയ വീഡിയൊകളുടെ ലിങ്കുകൾ കരിയർ ഗൈഡൻസിലെ ജില്ലാ കോ-ഓർഡിനേറ്റർ മുഖേന 19-ാം തീയതി ലഭ്യമാക്കുന്നതാണ്.

നവംബർ 20-ാം തീയതി രാവിലെ 11 മണിക്ക് നടക്കുന്ന ഉദ്ഘാടനവും തുടർന്ന് 2 ജീവിത നൈപുണി വീഡിയോകളും വിദ്യാർത്ഥികൾക്ക് വെർച്വൽ പ്ലാറ്റ്ഫോമിലൂടെ കാണാൻ എല്ലാ സെക്കന്ററി വിദ്യാലയങ്ങളിലും അവസരം ഒരുക്കേണ്ടതാണ്. തൊട്ടടുത്ത ദിവസങ്ങളിലെ സൗകര്യപ്രദമായ സമയത്ത് ബാക്കി ജീവിത നൈപൂണികളും വിദ്യാർത്ഥികളിലേക്ക് എത്തിക്കേണ്ടതും അതുമായി

ബന്ധപ്പെട്ട് കുട്ടികളുടെ പോസ്റ്റർ രചന മൽസരം കുട്ടികൾ വീടുകളിൽ നിന്ന് തയ്യാറാക്കുന്ന രീതിയിൽ സംഘടിപ്പിക്കേണ്ടതുമാണ്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച പോസ്റ്ററുകൾ കണ്ടെത്താനായി തെരഞ്ഞടുത്ത ഏറ്റവും നല്ല പോസ്റ്റുകൾ ജില്ല കോ-ഓർഡിനേറ്റർക്കു (കരിയർ ഗൈഡൻസ്) അയച്ചു കൊടുക്കേണ്ടതാണ്.

ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓൺലൈൻ മുഖേന അതാത് ജില്ലയിലെ സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് സൗഹൃദ വാരാചരണവുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതുമാണ്.

ഒപ്പ്/-
**ഡയറക്ടർ ഇൻ ചർജ്ജ്**